REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 17-08-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ 11,000 കോടി രൂപയുടെ രണ്ട് പ്രധാന ദേശീയ പാത പദ്ധതികൾ ഉദ്ഘാടനം ചെയ്യും.**
- **വിദേശകാര്യമന്ത്രി ഡോ. S ജയ്ശങ്കർ, ദക്ഷിണ കൊറിയൻ വിദേശകാര്യമന്ത്രി ചോ ഹ്യൂണുമായി ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തി.**
- **BJP പാർലമെന്ററി ബോർഡ് യോഗം ഇന്ന് ന്യൂഡൽഹിയിൽ.**
- **ഇന്ന് ചിങ്ങം ഒന്ന്. മലയാള പുതുവർഷത്തിന് തുടക്കം.**
- **സംസ്ഥാനതല കർഷക ദിനാഘോഷം രാവിലെ തൃശൂരിൽനടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് മഴ വീണ്ടും ശക്തി പ്രാപിക്കുന്നു. ഇന്ന് കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത. ഇന്നും നാളെയും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പ്.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഏകദേശം 11,000 കോടി രൂപയുടെ രണ്ട് പ്രധാന ദേശീയ പാത പദ്ധതികൾ ഉദ്ഘാടനം ചെയ്യും. ദ്വാരക അതിവേഗപാതയുടെ ഡൽഹി ഭാഗവും NCR ലെ അർബൻ എക്സ്റ്റൻഷൻ റോഡ്-രണ്ടാം ഘട്ടവുമാണ് പദ്ധതികൾ. കണക്റ്റിവിറ്റി ഗണ്യമായി മെച്ചപ്പെടുത്തുക, യാത്രാ സമയം കുറയ്ക്കുക, ഡൽഹിയിലെയും പരിസര

പ്രദേശങ്ങളിലെയും ഗതാഗതം സുഗമമാക്കുക എന്നിവ ലക്ഷ്യമിട്ട് ഗവണ്മെന്റിന്റെ സമഗ്ര പദ്ധതിയുടെ ഭാഗമായാണ് പദ്ധതികൾ വികസിപ്പിച്ചതെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു. തുടർന്ന് പൊതുസമ്മേളനത്തെയും നരേന്ദ്രമോദി മോദി അഭിസംബോ ധന ചെയ്യും.

✪✪✪

നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് മാസത്തിൽ ഇന്ത്യയുടെ ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ കയറ്റുമതി കഴിഞ്ഞ വർഷത്തെ ഇതേ പാദത്തെ അപേക്ഷിച്ച് 47 ശതമാനത്തിലധികം വർധിച്ചതായി കേന്ദ്രമന്ത്രി പിയുഷ് ഗോയൽ പറഞ്ഞു. മെയ്ക്ക് ഇൻ ഇന്ത്യയുടെ മധുര വിജയഗാഥയാണിതെന്ന് അദ്ദേഹം സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു. പത്തു വർഷത്തിനുള്ളിൽ ഇലക്ട്രോണിക്സ് ഉൽപാദനം 13 ബില്യൺ ഡോളറിൽ നിന്ന് 133 ബില്യൺ ഡോളറായി ഉയർന്നുവെന്നും പിയുഷ് ഗോയൽ പറഞ്ഞു. ഇലക്ട്രോണിക്സ് മേഖല രാജ്യത്ത് വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

✪✪✪

വിദേശകാര്യമന്ത്രി ഡോ. S ജയ്ശങ്കർ, ദക്ഷിണ കൊറിയൻ വിദേശകാര്യമന്ത്രി ചോ ഹ്യൂണുമായി ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തി. വ്യാപാരം, ഉൽപാദനം, സമുദ്രം ഉൾപ്പെടെ വിവിധ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിന് ഇരുനേതാക്കളും ചർച്ച ചെയ്തതായി ജയ്ശങ്കർ സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു. ഇന്തോ-പെസഫിക് മേഖലയെക്കുറിച്ചും നിലവിലെ ആഗോള വികസനങ്ങളെക്കുറിച്ചും കാഴ്ചപാടുകൾ കൈമാറിയതായും അദ്ദേഹം വ്യക്തമാക്കി. നയതന്ത്ര ബന്ധത്തിന്റെ പത്താം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഇരുരാജ്യങ്ങളും തുടരുന്ന സഹകരണത്തിന് ജയ്ശങ്കർ നന്ദി അറിയിച്ചു. പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച ചോ ഹ്യൂൺ, ദക്ഷിണ കൊറിയ ഭീകരാക്രമണത്തെ ശക്തമായി എതിർക്കുന്നുവെന്നും പറഞ്ഞു.

✪✪✪

സംസ്ഥാന നിയമസഭകൾ പാസാക്കുന്ന ബില്ലുകളിൽ സമയപരിധി സംബന്ധിച്ച പ്രസിഡൻഷ്യൽ റഫറൻസിൽ സുപ്രീം കോടതി നാളെ വാദം കേൾക്കും. ചീഫ് ജസ്റ്റിസ് BR ഗവായി അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ച് തമിഴ്നാടിന്റെയും കേരളത്തിന്റെയും എതിർവാദങ്ങളാണ് ആദ്യ കേൾക്കുക.

സംസ്ഥാന നിയമസഭകൾ പാസാക്കുന്ന ബില്ലുകളിൽ നടപടിയെടുക്കുന്നതിന് ഗവർണർമാർക്കും രാഷ്ട്രപതിക്കും സമയപരിധി നിശ്ചയിക്കാൻ കഴിയുമോ

എന്നതിനെക്കുറിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു ആർട്ടിക്കിൾ 143 പ്രകാരം സമർപ്പിച്ച റഫറൻസിലാണ് നാളെ വാദം കേൾക്കുന്നത്.

✪✪✪

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ ദൗത്യം പൂർത്തിയാക്കി തിരിച്ചെത്തിയ ഇന്ത്യൻ ബഹിരാകാശ യാത്രികൻ ശുഭാൻശു ശുക്ലക്ക് ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഊഷ്മളമായ സ്വീകരണം നൽകി. കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്, ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത, ISRO ചെയർമാൻ ഡോ.V. നാരായണൻ എന്നിവർ വിമാനത്താവളത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു. ബഹിരാകാശ ദൗത്യം പൂർത്തിയാക്കിയ ശുഭാൻശു റീഹാബിലിറ്റേഷനുവേണ്ടി US-ൽ ദിവസങ്ങൾ ചെലവഴിച്ച ശേഷമാണ് ഇന്ത്യയിൽ തിരിച്ചെത്തിയത്. ജൂലൈ 15നാണ് ISS ദൗത്യം പൂർത്തിയാക്കി ശുഭാംശു ശുക്ലയടക്കം ആക്സിയം സംഘം ഭൂമിയിൽ തിരിച്ചെത്തിയത്.

✪✪✪

BJP പാർലമെന്ററി ബോർഡ് യോഗം ഇന്ന് ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് ചേരും. ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥിയെ സംബന്ധിച്ച ചർച്ച യോഗത്തിൽ നടക്കുമെന്ന് പാർട്ടി വൃത്തങ്ങൾ അറിയിച്ചു.

ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിന് NDA സ്ഥാനാർത്ഥിയെ അന്തിമമായി തീരുമാനിക്കാൻ പ്രധാനമന്ത്രി നേരേന്ദ്ര മോദിയേയും BJP അധ്യക്ഷൻ JP നദ്ദയേയും ഈ മാസം ആറിന് ചേർന്ന NDA യോഗം ചുമതലപ്പെടുത്തിയിരുന്നു. ലോക്സഭയിലെയും രാജ്യസഭയിലെയും അംഗങ്ങളുൾപ്പെടുന്ന ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിലെ ഇലക്ടറൽ കോളജിൽ NDA യ്ക്ക് വ്യക്തമായ ഭൂരിപക്ഷമുണ്ട്. തെരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക വ്യാഴാഴ്ച വരെ സമർപ്പിക്കാം. അടുത്തമാസം ഒമ്പതിനാണ് തെരഞ്ഞെടുപ്പ്.

✪✪✪

ഇന്ന് ചിങ്ങം ഒന്ന്. ലോകമെങ്ങും കേരളീയർക്ക് ഇന്ന് മലയാള വർഷാരംഭമാണ്. കൊല്ലവർഷം 1201. മലയാളത്തിന് പുതുനൂറ്റാണ്ടിന്റെ പിറവി കൂടിയാണ് ഇന്ന്.

ഡെസ്ക് റിപ്പോർട്ട് ...

......വോയ്സ്........

നൂറ്റാണ്ടിലെ ആദ്യ മലയാളവർഷത്തിനാണ് ഇന്ന് തുടക്കം കുറിക്കുന്നത്. ചിങ്ങം ഒന്ന് കേരളത്തിന് കർഷക ദിനം കൂടിയാണ്. ചിങ്ങത്തിൽ തുടങ്ങി കർക്കടത്തിൽ അവസാനിക്കുന്ന മലയാള വർഷത്തിന് AD 825-ലാണ് തുടക്കമായത്. കർക്കടകത്തിന്റെ വറുതിയിൽ നിന്ന് പുതിയ

പ്രതീക്ഷകളോടെയാണ് ഓരോ മലയാളികളും ചിങ്ങപ്പുലരിയെ വരവേൽക്കുന്നത്. സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും വരവറിയിച്ച് പൊന്നോണം വിരുന്നെത്തുന്ന ചിങ്ങം, കൊയ്തെടുത്ത നെല്ലുകൊണ്ട് പത്തായം നിറച്ചിരുന്ന പഴയ കാലത്തിന്റെ ഗൃഹാതുരതയാണ് മലയാളിക്ക് സമ്മാനിക്കുന്നത്. സ്വർണ വർണമേറിയ നെൽക്കതിരുകൾ പാടങ്ങൾക്ക് ശോഭ പകരുമ്പോൾ മലയാളി സങ്കൽപ്പത്തിൽ ചിങ്ങമാസം വർണങ്ങളുടേത് കൂടിയാണ്. തുമ്പയും മുക്കുറ്റിയും ജെമന്തിയുമെല്ലാമായി പൂക്കളങ്ങൾ നിറയുന്നതോടെ ചിങ്ങം മലയാളികൾക്ക് ഉത്സവമായി മാറും.

✪✪✪

ചിങ്ങപ്പുലരിയിൽ ശബരിമലയിൻ വൻ ഭക്തജനത്തിരക്ക്. രാവിലെ അഞ്ചിനു നട തുറന്ന് നിർമ്മാല്യ ദർശനം നടന്നു. തുടർന്ന് അഷ്ടാഭിഷേക ചടങ്ങുകൾക്ക് ശേഷം തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ മുഖ്യ കാർമ്മികത്വത്തിൽ ഗണപതി ഹോമവും നടന്നു. പമ്പയിലും സന്നിധാനത്തും മഴ തുടരുന്നുണ്ടെങ്കിലും വലിയ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്.

സന്നിധാനത്ത് ഇന്ന് രാവിലെ ഏഴരയ്ക്ക് ശബരിമല കീഴ്ശാന്തി തിരഞ്ഞെടുപ്പ് നറുക്കെടുപ്പും, പമ്പയിൽ രാവിലെ ഒൻപതിന് പമ്പ ഗണപതി ക്ഷേത്രം, ഹനുമാൻ ക്ഷേത്രം എന്നിവിടങ്ങളിലെ മേൽശാന്തിമാരുടെ തിരഞ്ഞെടുപ്പും നടക്കും.

ചിങ്ങമാസ പൂജകൾ പൂർത്തിയാക്കി ഈമാസം 21ന് രാത്രി നട അടയ്ക്കും.

✪✪✪

കർഷക ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തൃശൂരിലെ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. കർഷക അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.

........വോയ്സ്......

കർഷക ദിനാഘോഷം സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (17) രാവിലെ 11ന് തൃശൂർ തേക്കിൻകാട് മൈതാനിയിൽ നടക്കും. രാവിലെ 8.30-ന് തൃശ്ശൂർ തേക്കിൻകാട് വിദ്യാർത്ഥി കോർണറിൽ നിന്നും ആരംഭിക്കുന്ന വർണ്ണശബളമായ ഘോഷയാത്രയോടെ ആഘോഷ പരിപാടികൾക്ക് തുടക്കം കുറിക്കും. തുടർന്ന് കേര പദ്ധതി എന്ന വിഷയത്തിൽ കർഷക സെമിനാർ നടക്കും.

രാവിലെ 11ന് കർഷക ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. ചടങ്ങിന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് അധ്യക്ഷത വഹിക്കും. റിവേന്യു മന്ത്രി കെ. രാജൻ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ ബിന്ദു, മേയർ എം. കെ. വർഗീസ്, ജില്ലയിലെ എം.എൽ.എ മാർ, എം.പി മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, കർഷകർ, മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും

✪✪✪

മണിപ്പൂർ ഗവർണർ അജയ് കുമാർ ഭല്ലയ്ക്ക് നാഗാലാൻഡ് ഗവർണറുടെ അധിക ചുമതലകൾ കൂടി നൽകി രാഷ്ട്രപതി ഉത്തരവ് പുറപ്പെടുവിച്ചു. ഗവർണറായിരുന്ന ലാ. ഗണേശന്റെ നിര്യാണത്തെത്തുടർന്നാണിത്.

✪✪✪

സംസ്ഥാനത്ത് മഴ വീണ്ടും ശക്തി പ്രാപിക്കുന്നു. ബുധനാഴ്ച്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും. വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്.

ഇടുക്കി മൂന്നാർ ഗ്യാപ് റോഡ് വഴി രാത്രികാല ഗതാഗതം നിരോധിച്ചു. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ ഇന്നും നാളെയും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

പത്തനംതിട്ട ജില്ലയിൽ അതിശക്തമായ മഴ യുള്ളതിനാലും കക്കി - ആനത്തോട് ഡാം തുറന്ന സാഹചര്യത്തിലും ശബരില തീർത്ഥാടകരും പൊതുജനങ്ങളും പമ്പ ത്രിവേണിയിലും മറ്റു സ്ഥലങ്ങളിലും നദിയിലിറങ്ങുന്നതും കുളിക്കടവുകൾ ഉപയോഗിക്കുന്നതും ജില്ലാ കലക്ടർ താൽക്കാലികമായി നിരോധിച്ചു.

അതിശക്തമായ മഴയുള്ളതിനാൽ താഴ്ന്ന പ്രദേശത്ത് വെള്ളക്കെട്ട്, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്ക് സാധ്യതയുണ്ടെന്നും ജാഗ്രത പാലിക്കണമെന്നും കലക്ടർ മുന്നറിയിപ്പ് നൽകി.

✪✪✪

സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർ പട്ടിക ഈ മാസം 30 - ന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടിക പ്രസിദ്ധീകരണം വരെ എല്ലാ അവധി ദിവസങ്ങളിലും മുഴുവൻ ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസുകളും തുറന്ന് പ്രവൃത്തിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം നൽകി.

✪✪✪

സുരക്ഷയുടെ ഭാഗമായി തിരുവനന്തപുരം സെൻട്രൽ ജയിലിലെ ഒരു ബ്ലോക്കിൽ പരീക്ഷണാടിസ്ഥാനത്തിൽ ആധുനിക രീതിയിലെ സെൻസറുകൾ അടങ്ങിയ Central Intrusion Monitoring System സ്ഥാപിച്ചു. ജയിൽ മേധാവി ബൽറാംകുമാർ ഉപാദ്ധ്യായ ഉദ്ഘാടനം ചെയ്തു. കേരള പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്ന പ്രത്യേക സെക്യൂരിറ്റി സിസ്റ്റം ആയ CIMS കൺട്രോൾറൂമിന്റെ നിരീക്ഷണത്തിലായിരിക്കും പ്രവർത്തിക്കുക.

✪✪✪

തദ്ദേശ ഭരണ തിരഞ്ഞെടുപ്പിന് മുന്നോടിയായി  കൊല്ലം ജില്ലയിലെ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ആദ്യഘട്ട പരിശോധന നടത്തി. ജില്ലാ കലക്ടറുടെ ചുമതലയുള്ള ADM ജി. നിർമൽകുമാറാണ് പരിശോധന നടത്തിയത്.

വോട്ടിംഗ് മെഷീനുകളുടെ ഭാഗമായ കൺട്രോൾ യൂണിറ്റുകളും ബാലറ്റ് യൂണിറ്റുകളുമാണ് പരിശോധിക്കുന്നത്.

✪✪✪

വിശ്വപ്രസിദ്ധമായ ഗുരുവായൂർ ചെമ്പൈ സംഗീതോത്സവത്തിന്റെ ഒരു വർഷം നീളുന്ന വിപുലവും പ്രൗഢവുമായ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് ഇന്ന് തുടക്കം.  ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ജന്മനാടായ പാലക്കാട് കോട്ടായി ചെമ്പൈ ഗ്രാമത്തിൽ  വൈകിട്ട് മന്ത്രി വി. എൻ. വാസവൻ ആഘോഷം ഉദ്ഘാടനം ചെയ്യും. പ്രശസ്ത കർണ്ണാടക സംഗീതജ്ഞൻ സംഗീതകലാനിധി TM കൃഷ്ണയുടെ സംഗീത കച്ചേരിയും അരങ്ങേറും.

കോഴിക്കോട് തളിക്ഷേത്രം, തൃശൂർ സംഗീത നാടക അക്കാദമി, ഗുരുവായൂർ, വൈക്കം മഹാദേവക്ഷേത്രം, തിരുവനന്തപുരം ശ്രീവരാഹം ചെമ്പൈ മെമ്മോറിയൽ ഹാൾ എന്നിവിടങ്ങളിലാണ്  സുവർണ്ണ ജൂബിലി ആഘോഷ പരിപാടികൾ നടത്തുക.

✪✪✪

2024-25 വർഷത്തിലെ സായുധസേന പതാകദിന നിധിയിലേക്ക് കേരളത്തിൽ ജനസംഖ്യ കുറഞ്ഞ ജില്ലയുടെ വിഭാഗത്തിൽ ഏറ്റവും കൂടുതൽ ധനസമാഹരണം നടത്തി കാസർഗോഡ് ജില്ല മുഖ്യമന്ത്രിയുടെ റോളിംഗ് ട്രോഫി കരസ്ഥമാക്കി. നേട്ടം കൈവരിച്ച ജില്ലയെ മുഖ്യമന്ത്രി പിണറായി വിജയൻ അഭിനന്ദിച്ചു.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader:  രജിന കെ*
*NRT:ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*